## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6402 - 11/07/2012-ലെ മറുപടിക്ക്**

സ്വയംസംരംഭക മിഷൻ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :** | | **ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി** |
| (എ) | സംസ്ഥാന സ്വയംസംരംഭക മിഷന് കീഴിൽ ഇതുവരെ എത്രപേർക്ക് തൊഴിൽ നൽകുന്നതിന് പര്യാപ്തമായെന്ന് വ്യക്തമാക്കാമോ ; | കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷന്റെ ആദ്യബാച്ചിലെ ട്രെയിനിംഗിന്റെ അടിസ്ഥാനത്തിൽ വായ്പക്കായി 571 സംരംഭകർ ഉൾപ്പെടുന്ന 231 സംരംഭങ്ങൾ അർഹത നേടുകയുണ്ടായി. സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ പ്രാരംഭ നടപടികൾ നടന്നുകൊണ്ടിരിക്കുന്നതേ ഉള്ളൂ. ആയതിനാൽ, സംരംഭകരെ കൂടാതെ പ്രത്യക്ഷമായും പരോക്ഷമായും സംജാതമാകുന്ന തൊഴിൽ സാധ്യതയെക്കുറിച്ചുള്ള കണക്കുകൾ ഇപ്പോൾ ലഭ്യമല്ല. |
| (ബി) | പ്രസ്തുത പദ്ധതി കൂടുതൽ പേരിലേക്ക് എത്തിക്കുന്നതിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ വിശദമാക്കാമോ? | പദ്ധതിയുടെ അടുത്ത ബാച്ചിലേക്കുള്ള അപേക്ഷ ഓൺലൈൻ വഴിയാണ് സ്വീകരിക്കുന്നത്. കമ്പ്യൂട്ടറൈസേഷൻ വഴി അപേക്ഷ സ്വീകരിക്കൽ, പരിശോധന, തെരഞ്ഞെടുക്കൽ, വായ്പ വിതരണം എന്നിവ രണ്ട് മാസം |

| | | |
|---|---|---|
| | | കുടുന്തോറും നടത്താൻ കഴിയും വിധം പദ്ധതിയുടെ നോഡൽ ഏജൻസിയായ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി) സജ്ജമായിക്കഴിഞ്ഞു. അപേക്ഷകർക്ക് പിന്നീടുള്ള ഓരോ ഘട്ടത്തിലും എസ്.എം.എസ് മുഖേന അറിയിപ്പ് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ, അവരുടെ അപേക്ഷയുടെ സ്റ്റാറ്റസ് കെ.എഫ്.സി.യുടെ 'വെബ്സൈറ്റ്' മുഖേന ഓൺലൈൻ ആയി അറിയുവാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ